# MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House
Marygiri, P. B. No. 4
Tiruvalla - 689 101

**Circular No. 7 / 2014**

30-07-2014

**വന്ദ്യ കോർഎപ്പിസ്ക്കോപ്പമാരേ, ബഹു. വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ!**

ദൈവതിരുനാമത്തിന് മഹത്വമുണ്ടാകട്ടെ.

കുടുംബവർഷത്തിന്റെ ഭാഗമായി 2014 ആഗസ്റ്റ്മാസത്തിൽ അതിഭദ്രാസന തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി പൊതുവായും അനുബന്ധമായി മറ്റു ചില കാര്യങ്ങളും ശ്രദ്ധയിൽ പെടുത്തുന്നത് ഉചിതമെന്ന് കരുതുന്നു.

1. ആഗസ്റ്റ് 1 മുതൽ 7 വരെ ബൈബിൾവായന വാരാചരണമാണല്ലോ. കൗദാശിക ജീവിതത്തോടൊപ്പം വി. ഗ്രന്ഥപാരായണത്തെയും ധ്യാനത്തെയും സഭ എക്കാലത്തും പ്രോത്സാഹിപ്പിക്കുന്നു. മുടക്കം കൂടാതെ വേദപാരായണം ഭവനങ്ങളിൽ ഉണ്ടാകണം.
2. സണ്ടേസ്കൂൾ ദിനമായി ആഗസ്റ്റ് 3-ാം തീയതി ഞായറാഴ്ച മലങ്കര കത്തോലിക്കാ സഭ ആചരിക്കുമ്പോൾ വിശ്വാസക്കൈമാറ്റം ശ്രദ്ധേയമായും തപസ്യപോലെയും നടത്തുന്ന മതാദ്ധ്യാപകരെ പ്രത്യേകമായി ഓർക്കുന്നു. ഒരുക്കത്തോടും ജാഗ്രതയോടും ഈ ദൗത്യം നിർവ്വഹിക്കുവാൻ ശ്രദ്ധിക്കണം. സഭയ്ക്കുള്ളിലെ മതബോധനത്തിന്റെ ജാജ്ജ്വല്യമാനമായ മുഖമാണ് മതബോധനം.
3. മാര്യേജ് ട്രിബ്യൂണലിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 9 ന് തോട്ടഭാഗം പള്ളിയിൽ വച്ച് അതിരൂപതവകയായി നടത്തുന്ന നിയമപഠന ക്ലാസ്സുകളിൽ ഇടവക പ്രതിനിധികളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണം.
4. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 12,13 തീയതികളിൽ ചേരുന്ന വൈദിക കൂട്ടായ്മയും പൗരോഹിത്യജൂബിലി ആഘോഷങ്ങളും ശാന്തിനിലയത്തിൽ വെച്ച് നടത്തപ്പെടുന്നു. അതോടൊന്നിച്ച് തിരുവല്ല ആർക്കി എപ്പിസ്ക്കോപ്പൽ പ്രോവിൻസിൽ കോറെപ്പിസ്കോപ്പമാരും റമ്പാന്മാരുമായി ഉയർത്തപ്പെട്ടവരെ ആദരിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

വന്ദ്യ ചെറിയാൻ രാമനാലിൽ കോർഎപ്പിസ്ക്കോപ്പ അച്ചനും ബഹു. തോമസ് പുതിയവീട്ടിലച്ചനും പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെയും ബഹു. മാത്യു പുനക്കുളത്തച്ചൻ പൗരോഹിത്യ രജതജൂബിലിയുടെയും നിറവിലാണ് നിൽക്കുന്നത്. നമ്മുടെ അതിഭദ്രാസനത്തിൽ കോർഎപ്പിസ്ക്കോപ്പമാരായി നവമായി ഉയർത്തപ്പെട്ട ഏബ്രഹാം ചാക്കോ നരിമറ്റത്തിൽ, തോമസ് കൊടിനാട്ടുംകുന്നേൽ എന്നീ ബഹുമാന്യ വൈദികരോടൊപ്പം, പുത്തൂർ ഭദ്രാസനത്തിലെ കോശി കാക്കനാട്ട്, ബത്തേരി ഭദ്രാസനത്തിലെ ചാക്കോ നരിമറ്റത്തിൽ എന്നീ വന്ദ്യ കോറെപ്പിസ്ക്കോപ്പമാരെയും, ബത്തേരി ഭദ്രാസന വികാർ ജനറൽ കൂടിയായ വന്ദ്യ മാത്യു ചാമക്കാലയിൽ റമ്പാനെയും, മലങ്കര കത്തോലിക്ക സഭാകോടതി പ്രസിഡണ്ടായി നിയമിതനായ ബഹു. വർഗ്ഗീസ് മനയ്ക്കലേട്ട് അച്ചനെയും അനുമോദിക്കുവാൻ ഈ കൂടിവരവ് പ്രയോജനപ്പെടുത്താം.

12-ാം തീയതി സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് ആരാധനയും അത്താഴവിരുന്നും അനുമോദനസമ്മേളനവും, 13-ാം തീയതി രാവിലെ സമൂഹബലിയും പഠനക്ലാസ്സും എന്ന രീതിയിലാണ് കൂടിവരവിന്റെ ക്രമീകരണം. കാരുണികൻ മാസിക എഡിറ്റർ ബഹു. ഡോ. ജേക്കബ് നാലുപറയിലച്ചൻ നയിക്കുന്ന സെമിനാർ ചർച്ച ചെയ്യുന്നത് ബഹു. വൈദികർ ശ്രദ്ധിക്കേണ്ടതും കാലിക പ്രസക്തവുമായ വിഷയമാണ്. സ്ത്രീകളും കുട്ടികളും ഇരകളായിത്തീരുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാ

ത്തലത്തിൽ സഭയുടെ കാവലാളും സമൂഹത്തിന്റെ മനഃസ്സാക്ഷി സൂക്ഷിപ്പുകാരും എന്ന നിലയിലും, സമൃദ്ധമായ ജീവൻ നല്കുവാൻ വന്ന നിത്യപുരോഹിതന്റെ കാണപ്പെടുന്ന പ്രതിരൂപങ്ങൾ എന്ന നിലയിലും നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പരിചിന്തനവിഷയമാക്കാം. ഇടവകയിലും സ്ഥാപനങ്ങളിലും കുട്ടികളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട അറിവും പ്രാവിണ്യവും കാര്യക്ഷമതയും നമുക്കുണ്ടായേ തീരൂ. അറിവില്ലാതിരുന്നതിനാലാണ് എന്നത് ഉത്തരവാദിത്വത്തെ ലഘൂകരിക്കുകയില്ല എന്നറിയണം. ദൈവം നൽകിയ മഹത്വവും വ്യക്തിത്വവും നാം ജീവിക്കുന്ന സമൂഹത്തിലും സഭയിലും കൂട്ടായ്മയിലും ഉയർത്തിപ്പിടിക്കുവാനും സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും നേതൃത്വം നൽകേണ്ടവരായ നാം യഥായോഗ്യം പ്രവർത്തിച്ചു എങ്കിലേ രക്ഷകൻ വിളംബരം ചെയ്ത ദൈവരാജ്യത്തിന്റെ വളർച്ച ത്വരിതപ്പെടുകയുള്ളൂ.

5. 15-ാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത് സാധാരണയോഗം ജൂലൈ 26 ന് ചേർന്നു. International Year of Family Farming നെപ്പറ്റി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പൊതുവായ പരിചിന്തനത്തിനും പ്രായോഗിക നടപടികൾക്കുമായി സമർപ്പിക്കുന്നു.

a. നമ്മുടെ ഇടവകകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങി എല്ലാ തലങ്ങളിലും ഭക്ഷ്യവിളകളുടെ ഉല്പാദനം ത്വരിതപ്പെടുത്തണം. കൃഷി വകുപ്പ് നൽകുന്ന സബ്സിഡികൾ പ്രയോജനപ്പെടുത്തണം.

b. രാസവളപ്രയോഗം, കീടനാശിനികൾ, കേടാകാതിരിക്കാനുള്ള പ്രിസർവറ്റീവുകൾ തുടങ്ങിയവയുടെ അതിപ്രസരം, വർദ്ധിച്ചുവരുന്ന വൃക്കരോഗങ്ങൾക്കും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്ന പശ്ചാത്തലത്തിൽ നിത്യോപയോഗത്തിനു കമ്പോളത്തിൽ നിന്നു വാങ്ങുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കായ്കനികൾ ഇവ വർദ്ധിച്ച തോതിൽ വിഷലിപ്തമാണെന്ന തിരിച്ചറിവിൽ നമ്മുടെ കറിക്കൂട്ടുകൾക്കാവശ്യമായവ നമ്മുടെ തൊടിയിലുംതോപ്പിലും വീട്ടുമുറ്റത്തും ഉല്പാദിപ്പിച്ച് സ്വയം പര്യാപ്തതയുടെ സംസ്കൃതി വളർത്തുവാൻ വർഷാചരണം നമ്മെ വെല്ലുവിളിക്കുന്നു. അടുക്കളത്തോട്ടങ്ങൾ, ടെറസ്സു കൃഷി എന്നിവയിൽ ഓരോ ഭവനവും ശ്രദ്ധപതിക്കണം. സാദ്ധ്യതകളെ തിരിച്ചറിയാനും പ്രയോജനപ്പെടുത്താനും മടിച്ചു നിൽക്കരുത്.

c. ഇതിന് സഹായകമാകുമാറ് ബോധനയുടെ സഹായത്തോടെ സെപ്റ്റംബർ ലക്കം ഐക്യദീപത്തോടൊപ്പം നല്ലയിനം പച്ചക്കറി വിത്തുകൾ സംലഭ്യമാക്കുന്നതാണ്. ഇതിനുവേണ്ടി വരുന്ന ചെലവ് സന്മനസ്സുള്ളവരിൽ നിന്ന് സ്വീകരിക്കുന്നതാണ്.

d. നമ്മുടെ ഭദ്രാസനത്തിലെ പച്ചക്കറി - അടുക്കളത്തോട്ട കൃഷിക്കാർക്കായി, അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡ് ഏർപ്പെടുത്തുക. പ്രഥമസ്ഥാനങ്ങളിലെത്തുന്നവരെ അനുമോദിക്കുകയും പാരിതോഷികം നൽകി ആദരിക്കുകയും ചെയ്യുക. സമൂഹത്തിൽ കുടുംബക്കൃഷിക്കുള്ള സന്ദേശം നൽകുവാൻ ഇത് ഉപകരിച്ചേക്കാം. ബോധന ഇക്കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതാണ്.

e. വർഷാചരണം പ്രസക്തമാക്കുവാൻ പ്രായോഗികമായ മറ്റൊരുകാര്യം നിർദ്ദേശിക്കുന്നു. അതിരൂപതാദ്ധ്യക്ഷനും മറ്റു പിതാക്കന്മാർക്കും ഇടവകയിലും മറ്റു സ്ഥലങ്ങളിലും സ്വീകരണം നൽകുമ്പോൾ, ഷാളുകൾ, പൂമാലകൾ, ബൊക്കകൾ, പുസ്തകങ്ങൾ എന്നിവയ്ക്കു പകരം പള്ളിവക പുരയിടത്തിലോ ദൈവജനത്തിന്റെ ഭവനാങ്കണങ്ങളിലോ നട്ടുവളർത്തിയ ഫലമൂലാദികളോ കായ്കനികളോ, പക്ഷിമൃഗാദികളെയോ നൽകി വരവേല്ക്കാം. (വിലയ്ക്ക് വാങ്ങിയവയല്ല, സ്വന്ത കൈകൾ കൊണ്ട് അദ്ധ്വാനിച്ച് ഉല്പാദിപ്പിച്ചവയാകണം). ഷാളുകൾ, പൂമാലകൾ, ബൊക്കകൾ എന്നിവ നിരുത്സാഹപ്പെടുത്തുന്നു. പൊതുസമൂഹത്തിൽ കൃഷിക്ക് മാന്യസ്ഥാനം നൽകുക, അദ്ധ്വാനഫലം ഭക്ഷിക്കുക, സ്വാഭിമാനം വളർത്തുക... തുടങ്ങിയ ലക്ഷ്യങ്ങളാണിതിന്റെ പിൻചിന്ത.

f ചിങ്ങം 1 (ആഗസ്റ്റ് 17) മലയാള വർഷാരംഭം കർഷകദിനമായി ആചരിക്കുന്ന പതിവ് നില വിലുണ്ടല്ലോ. നമ്മുടെ ഇടവകകളിൽ കർഷകരെ ആദരിക്കുവാൻ ഒരു ശ്രമം നടത്താം. ആ ഞായറാഴ്ച സന്ദേശത്തിൽ (Sunday Sermon) പരിസ്ഥിതി സന്തുലിതവും പോഷകാഹാരസ മൃദ്ധവും ആരോഗ്യപ്രദവുമായ കൃഷിയെയും പ്രകൃതി സംരക്ഷണത്തെയും അതിജീവന കലയെയും കുറിച്ച് ദൈവജനത്തിന് ബോധവല്ക്കരണം നൽകണം. നമ്മുടെ പള്ളിപ്പുര യിടവും ദൈവാലയപരിസരവും, വൈദികമന്ദിര പ്രാന്തപ്രദേശവും ഒരു മാതൃകാ കൃഷി ത്തോട്ടമാക്കി മാറ്റാം. ഭാഗ്യസ്മരണാർഹരായ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും, മാർ അത്തനാസിയോസ് പിതാവും അരനൂറ്റാണ്ടിനപ്പുറം 1960 കൾ തുടങ്ങി തുടർച്ചയായി ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകിയിരുന്നതും അവിരാമം പഠിപ്പിച്ചിരുന്നതും ഒരിക്കൽക്കൂടി നമുക്ക് സ്മരണയിൽ ആവാഹിക്കാം. കാലഹരണപ്പെടാത്ത, മൂല്യം നഷ്ടപ്പെടാത്ത ആ പാഠങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ നവമായ പരിശ്രമത്തിന് തുടക്കം കുറിക്കാം. അത് നമുക്ക് അനുഗ്രഹദായകമാണ്.

6. കുമളി സഹ്യജ്യോതി കോളജിന്റെ ഔദ്യോഗിക ഉദ്ഘാടനം ആഗസ്റ്റ് 24 ന് ഉച്ചക്കഴിഞ്ഞ് 3 മണിക്ക് നട ത്തുവാൻ ക്രമീകരിക്കുന്നു. നമ്മുടെ സഭാതലവനായ ബാവാതിരുമനസ്സിന്റെയും മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെയും സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. നമ്മുടെ ചിരകാലാഭിലാഷമാണ് പൂവണി യുന്നത്. നമ്മുടെ ഒരു അപര്യാപ്തതയ്ക്ക് നേരിയ പരിഹാരമായി എന്ന് ആശ്വസിക്കാം. ഇത്രത്തോളം വഴി നടത്തിയ ദൈവത്തിന് നന്ദിയർപ്പിക്കാം. ഇത് സാദ്ധ്യമാക്കുവാൻ പരിശ്രമിച്ച എല്ലാവരെയും ഓർക്കു ന്നു. വിശിഷ്യാ ബഹു. ഫിലിപ്പ് വട്ടമറ്റത്തിലച്ചനെ അനുമോദിക്കുന്നു.

ബിഷപ്സ് ഡേയുടെ ഭാഗമായി നമ്മുടെ ഇടവകകളും വിശ്വാസിസമൂഹവും ഈ നിയോഗത്തിനു വേണ്ടി ത്യാഗപൂർവ്വം സംഭാവന നൽകി സഹകരിച്ചത് ഒരിക്കൽക്കൂടി നന്ദിയോടെ ഓർക്കുന്നു. ഇതു വരെ സഹകരിക്കാത്തതും ഭാഗികമായി മാത്രം സഹകരിച്ചതുമായ ഇടവകകളും വിശ്വാസികളും ആഗസ്റ്റ് 31 നകമായി നിശ്ചയിച്ചിരുന്ന വിഹിതം കുറവുകൂടാതെ നൽകേണ്ടതും ബഹു. ഇടവക വികാരിമാർ ആ തുക ഭദ്രാസന കേന്ദ്രത്തിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണെന്ന് ഓർമ്മിപ്പിക്കുന്നു. വിട്ടു നിൽക്കു ന്നത് ഉത്തമമല്ല.

7. കഴിഞ്ഞ 2 വർഷങ്ങളായി പുനർനിർമ്മിതിയിലായിരുന്ന 4 ദൈവാലയങ്ങൾ പുനഃപ്രതിഷ്ഠയ്ക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ചുങ്കപ്പാറ സെന്റ് ജോർജ്ജ്പള്ളി ഈ മാസം 1-2, പായിപ്പാട് സെന്റ് ജോർജ്ജ്പള്ളി 14-15, മുക്കൂർ സെന്റ് ജോസഫ് പള്ളി 30, 31 തീയതികളിൽ കൂദാശ ചെയ്യപ്പെടുന്നു. പാത്താമുട്ടം സെന്റ് ലോറൻസ്പള്ളി നിർമ്മിതിയുടെ അവസാനഘട്ടത്തിലാണ്. ഈ ഇടവകകളെയും ബഹു. വികാരി അച്ചന്മാർ, പാരീഷ് കൗൺസിലർമാർ, കൺസ്ട്രക്ഷൻ കമ്മറ്റി അംഗങ്ങൾ, സഹകാരി കൾ എന്നിവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു.

8. പുഷ്പഗിരി സൂപ്പർസെപ്ഷ്യാലിറ്റി ബ്ലോക്ക്, കഫറ്റീരിയ തുടങ്ങിയവയുടെ അധുനാധുനീകരണം നടന്നുകൊണ്ടിരിക്കുന്നു. ആഗസ്റ്റ് 26 ന് അവയുടെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുന്നു. ദൈവ നടത്തി പ്പിന് കൃതജ്ഞതയർപ്പിക്കുന്നതോടൊപ്പം ബന്ധപ്പെട്ട ബഹു. അച്ചന്മാരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

9. അതിഭദ്രാസന ജുഡീഷ്യൽ വികാർ ബഹു. വർഗ്ഗീസ് മനയ്ക്കലേട്ടച്ചനെ മലങ്കര സുറിയാനി കത്തോ ലിക്കാ സഭയുടെ സഭാതല കോടതി പ്രസിഡണ്ടായി (President of the Major Archi-Episcopal Ordinary Tribunal) സഭാതലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ നിയമിച്ച വിവരം സസന്തോഷം അറിയിക്കുന്നു. ബഹു. അച്ചന്റെ സമർപ്പണവും സമർത്ഥമായ നേതൃത്വവും ഈ രംഗത്തുള്ള പ്രാവീണ്യവും നമുക്ക് ഏറെ സന്തോഷം തരുന്ന വസ്തുതകളാണ്. നമ്മുടെ അഭിന ന്ദനവും പ്രാർത്ഥനയും പിന്തുണയും അച്ചനെ അറിയിക്കുന്നു.

10. ഗ്രാമീണചികിത്സാ ക്യാമ്പുകൾ സൗജന്യമായും ശ്രദ്ധേയമായും തുടർച്ചയായും നടത്തി ജനപങ്കാളി ത്തത്തിന് സംസ്ഥാനതലത്തിൽ മികവ് പ്രകടമാക്കി പ്രഥമഗണനീയമായതിന് പുഷ്പഗിരി മെഡിക്കൽ കോളേജിനും, നേതൃത്വം നൽകിയ പുഷ്പഗിരി ക്യാമ്പ് ഡയറക്ടർ ബഹു. തോമസ് വെട്ടിക്കാട്ടില

ച്ചനും JOY ALUKKAS FOUNDATION ഏർപ്പെടുത്തിയ 25,000 രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ലഭിച്ചു. കൂടാതെ E.N.T, Ortho, ഹൃദയ-നേത്ര സൗജന്യശസ്ത്രക്രിയകൾക്ക് പ്രതിമാസം രണ്ടുലക്ഷം രൂപവീതം ഫൗണ്ടേഷൻ നൽകുന്നതുമാണ്. ഫൗണ്ടേഷന് നന്ദി പറയുന്നതോടൊപ്പം അവാർഡ് ജേതാവായ ബഹു. തോമസ് വെട്ടിക്കാട്ടിലച്ചന് അഭിനന്ദനങ്ങൾ നേരുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ പെരുന്നാളിന് ഒരുക്കമായ പതിനഞ്ചു നോമ്പുകാലമാണല്ലോ. അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥം നമ്മുടെ ക്രിസ്തീയ ജീവിതത്തിന് കോട്ടയായിരിക്കുവാൻ പ്രാർത്ഥിക്കുന്നു. യാമപ്രാർത്ഥനകളോട് ചേർത്ത് നോമ്പിലെ പ്രത്യേക പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്.

നിങ്ങൾ ഓരോരുത്തരെയും ഓർത്ത് ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട്

പ്രാർത്ഥനയോടെ ക്രിസ്തുയേശുവിൽ നിങ്ങളുടെ സ്നേഹ ശുശ്രൂഷി

✠ **തോമസ് മാർ കൂറിലോസ്**

മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്, തിരുവല്ലാ അതിഭദ്രാസനം